നമ്പർ 50/2009

സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ
ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)
വിശുദ്ധ മാർത്തോമ്മാശ്ലീഹായുടെ സിംഹാസനത്തിന്മേൽ
ആരൂഢനായിരിക്കുന്ന

# പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ
# മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ

നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാരും, സഹവികാരിമാരും, ദേശത്തുപട്ടക്കാരും, പള്ളിക്കൈക്കാരന്മാരും, ഭരണസമിതിയംഗങ്ങളും, ശേഷം ജനങ്ങളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്!

പ്രിയരേ,

പ. സഭയിലെ അത്മായർക്കുവേണ്ടി **ദിവ്യബോധനം** പഠനപദ്ധതി ആരംഭിച്ചിട്ട് 25 വർഷങ്ങൾ പിന്നിടുകയാണല്ലോ. കഴിഞ്ഞ 25 വർഷക്കാലമായി ഈ പദ്ധതി വിജയകരമായി മുമ്പോട്ട് കൊണ്ടുപോകുന്നതിന് സഹായിച്ച ദൈവത്തെ നമുക്ക് സ്തുതിക്കാം. ഈ പഠനപദ്ധതി അനേകം അത്മായർക്ക് പ്രയോജനപ്പെട്ടു എന്നുള്ളതിൽ നാം ദൈവത്തെ മഹത്വപ്പെടുത്തുന്നു. ഈ പദ്ധതി ആരംഭിച്ചിട്ട് 25 വർഷങ്ങൾ പിന്നിട്ടു എങ്കിലും മലങ്കര സഭയിലെ പല ഇടവകകളും ഈ സൗകര്യം പ്രയോജനപ്പെടുത്തുന്നതിൽ വിമുഖത കാട്ടുന്നു എന്നുള്ളത് ദു:ഖകരമാണ്. ഈ ജൂബിലി വർഷത്തിൽ നമ്മുടെ എല്ലാ ഇടവകകളിലും നിർബന്ധമായും ദിവ്യബോധനത്തിന്റെ ഓരോ യൂണിറ്റ് പ്രവർത്തനം ആരംഭിക്കേണ്ടതാണ്. വിശ്വാസപരമായും സഭാപരമായും നമ്മുടെ ആളുകൾ കൂടുതൽ ഉത്ബുദ്ധരാകേണ്ടത് സഭയുടെ ആത്മീയ പുരോഗതിക്ക് ഏറെ ആവശ്യമാണ്. 2009 ജനുവരി മുതൽ ദിവ്യബോധനം പഠനപദ്ധതിയിലുൾപ്പെട്ട സർട്ടിഫിക്കേറ്റ് (P.O.C.E), ഡിപ്ലോമ (D.O.C.E), ഡിഗ്രി (G. O. C. E), തിരുവചന ഭാക്ഷ്യം എന്നീ കോഴ്സുകളുടെ രജിസ്ട്രേഷൻ ആരംഭിച്ചിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്ക് **ഫാ. ഡോ. ജോസ് ജോൺ, രജിസ്ട്രാർ, ദിവ്യബോധനം, ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരി, പി. ബി. നമ്പർ 98, കോട്ടയം - 1** എന്ന വിലാസത്തിൽ ബന്ധപ്പെടേണ്ടതാണ്.

ശേഷം പിന്നാലെ,

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യക മറിയാം അമ്മയുടേയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടേയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാൻമാരുടേയും ശുദ്ധിമതികളുടേയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........................

**ബസ്സേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ.**

2009 ഫെബ്രുവരി മാസം 5 -ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽനിന്നും.